# ഭവനവും കുടുംബവും - തിരുവചന വീക്ഷണത്തിൽ (....തുടർച്ച)

Fr. Dr. T.J. Joshua

**ആരാണ് ഭാഗ്യവാൻ?** (വാ. 4) ലോകവീക്ഷണത്തിൽ ഭാഗ്യവാൻ ഭൗതികനേട്ടങ്ങൾ വരിക്കുന്നവനാണ്. സമ്പത്തും സ്ഥാനമാനങ്ങളും ആർജ്ജിച്ചിട്ടുള്ളവൻ തന്നെ. എന്നാൽ ഇവിടെ നൽകിയിട്ടുള്ള ചിത്രമനുസരിച്ച് യഹോവയെ ഭയപ്പെടുന്നവനാണ് ഭാഗ്യവാൻ. അഥവാ യഹോവാഭക്തനായവൻ ഭാഗ്യവാൻ. അവൻ ദൈവത്തിന്റെ വഴികളിൽ നടക്കുന്നവനായിരിക്കും. ഭക്തിയുടെ ഉരകല്ല് ഒരുവന്റെ നടപ്പാണ്. ഭക്തിയും പ്രവൃത്തിയും തമ്മിൽ പൊരുത്തമുണ്ടായിരിക്കും. ദൈവത്തിന്റെ വഴികൾ നീതിയുള്ളവയും ചൊവ്വുള്ളവയുമാണ്. ആ വഴി വിട്ടുമാറാതെ അതിൽക്കൂടി ചരിക്കുവാൻ ഭക്തനായവൻ ശ്രദ്ധവയ്ക്കും.
അങ്ങനെയുള്ളവന് മൂന്നു അനുഗ്രഹങ്ങൾ ലഭിക്കുമെന്ന് തുടർന്നുള്ള വാക്യങ്ങളിൽ വെളിപ്പെടുത്തുന്നു.

(എ) വാ. 2 **കൈകളുടെ അധ്വാനഫലം തിന്നും** : അവൻ അധ്വാനിക്കുന്നവനായിരിക്കും. അലസത അവനിൽ ഉണ്ടായിരിക്കയില്ല. തന്മൂലം അവൻ നന്മയും സന്തോഷവും അനുഭവിക്കും.
സ്വന്തം അധ്വാനഫലം തിന്നാൻ കഴിയാത്ത സാഹചര്യങ്ങളുമുണ്ട്. വിദേശാക്രമണമുണ്ടാകുമ്പോൾ എല്ലാം ഉപേക്ഷിച്ച് പാലായനം ചെയ്യേണ്ടിവരും. ചിലപ്പോൾ പ്രകൃതിനാശം മൂലം വരൾച്ച, അതിവൃഷ്ടി, കീടശല്യം എന്നിവ മൂലം അധ്വാനഫലം നഷ്ടമായെന്നും വരും. എന്നാൽ അങ്ങനെയുള്ള അനർത്ഥങ്ങൾ സംഭവിക്കാതെ, യഹോവ തന്റെ ഭക്തനെ അനുഗ്രഹിക്കുമെന്നു കവി വിശ്വസിക്കുന്നു. മുമ്പത്തെ സങ്കീർത്തനത്തിൽ വൃഥാ അധ്വാനിക്കുന്ന അനുഭവത്തെപ്പററി :പ്രസ്താവിക്കുന്നുണ്ടല്ലോ സങ്കീ. 127:1

(ബി) **രണ്ടാമത്തെ അനുഗ്രഹം** : (വാ. 3). സമ്പുഷ്ടവും സന്തുഷ്ടവുമായ കുടുംബമാണ്. യഹൂദ സംസ്ക്കാരത്തിൽ കുടുംബത്തിനു വലിയ പ്രാധാന്യം കല്പിച്ചിരുന്നു എന്നു മുകളിൽ പ്രസ്താവിച്ചല്ലോ. ക്രിസ്തീയസഭയിലും ആ പാരമ്പര്യം പിന്തുടർന്നു. സന്യാസജീവിതവും ആശ്രമപ്രസ്ഥാനവും പിൽക്കാലത്തു സഭയിൽ വളർന്നുവെങ്കിലും കുടുംബജീവിതത്തിന്റെ പ്രാധാന്യം ഒരിക്കലും വിസ്മരിച്ചിരുന്നില്ല. ഭർത്താവിനെ ഒലിവു വൃമക്ഷത്തോടും ഭാര്യയെ മുന്തിരിവള്ളിയോടും കുഞ്ഞുങ്ങളെ ഒലിവു തൈകളോടും ഉപമിച്ചിരിക്കുന്നു. ഭാരതീയ കവി സങ്കൽപത്തിൽ ഭാര്യാഭർത്താക്കന്മാരെയും സന്താനങ്ങളെയും മുററത്തു നിൽക്കുന്ന തേന്മാവിനോടും അതിൽ പടർന്നുകയറി പന്തലിച്ചുകിടക്കുന്ന മുല്ലവള്ളിയോടും അതിൽ വിരിഞ്ഞ നറുമണം പരത്തുന്ന പൂക്കളോടും ഉപമിക്കാറുണ്ട്. എബ്രായകവിയാകട്ടെ അവരുടെ കാർഷികജീവിതത്തിൽ നിന്ന് അനുയോജ്യമായ ഉപമയാണ് എടുത്തിട്ടുള്ളത്.

**ഭാര്യ = മുന്തിരിവള്ളി**. രണ്ടു ചിന്തകൾ ഇവിടെ സംഗതമാണ്. മുന്തിരിച്ചെടി പടർന്നുകയഴിയുമ്പോൾ ശീതളമായ തണൽ നൽകുന്നു. മററുള്ളവർക്ക് ആശ്വാസവും സ്വസ്ഥതയും നൽകുന്നു. ഉത്തമയായ ഭാര്യയെപ്പററി ശലോമോൻ നൽകിയിട്ടുൾല ചിത്രീകരണം ശ്രദ്ധേയമാണ്. സദ.31 : 10 മു. കാണുക. അവൾ ഐശ്വര്യം വരുത്തുന്നു. അവൾ സ്വന്തം കരങ്ങൾകൊണ്ട് വേലചെയ്യുന്നു. മാത്രമല്ല തന്റെ കൈ എളിയവർക്കുവേണ്ടി അവൾ തുറക്കുന്നു. ദരിദ്രന്മാരുടെ അടുക്കലേക്ക് അവൾ കരം നീട്ടുന്നു.
മുന്തിരിവള്ളി ഫലം കായിക്കുന്നു. അതുപോലെ ഉത്തമയായ ഭാര്യ ആത്മീയസൽഫലങ്ങൾ പുറപ്പെടുവിക്കുന്നവളായിരിക്കും.

**മക്കൾ = മേശയ്ക്കു ചുററും ഒലിവു തൈകൾ**. അവർ മാതാപിതാക്കളോടു ചേർന്നും അവരോടുള്ള നല്ല ബന്ധത്തിലും ജീവിക്കുന്നു. അനുസരണവും മാതാപിതാക്കളോടു വിധേയത്വവും അവർ പുലർത്തും. അതിനും പുറമെ ഐക്യമത്യത്തോടെ അവർ വർത്തിക്കുന്നതായും കാണാം. മാതാപിതാക്കൾ ദൈവഭക്തിയിലും നല്ല സഹകരണത്തിലും ജീവിക്കുന്നവരെങ്കിൽ അവരുടെ മക്കളും ആ പാത പിന്തുടരും. യഹോവഭക്തനായ ഒരുവന്റെ വലിയ ഭാഗ്യം, ഉത്തമയായ ഭാര്യയും ഉത്തമരായ മക്കളും ഉണ്ടാവുക എന്നതാണ്. ഇങ്ങനെ അവൻ അനുഗ്രഹിക്കപ്പെട്ടവനാകും. (വാ. 4). എന്നാൽ ദൈവഭയമില്ലാത്ത മാതാപിതാക്കളും അനുസരണമില്ലാത്ത മക്കളും ഉള്ള ഒരു കുടുംബത്തെ ഒരാൾ ചിത്രീകരിക്കുന്നത് കാണുക: ഭാര്യ, മുള്ളു നിറഞ്ഞ തുടലിവള്ളിപോലെയും ഭർത്താവ് അടുത്തുചെന്നാൽ ചൊറിഞ്ഞുപൊട്ടുന്ന ചാരുമരം പോലെയും മക്കൾ തൊട്ടാൽ ചൊറിഞ്ഞുപൊട്ടുന്ന ചാറുതണ തൈകൾ പോലെയും ഇരിക്കും. ഇതു നമ്മുട് കേരളീയ വ്രക്ഷലതാദികളുടെ അടിസ്ഥാനത്തിൽ നൽകുന്ന ചിത്രമാണ്. ദൈവഭയവും പരസ്പര സ്നേഹവുമില്ലാത്ത കുടുംബങ്ങൾ കുട്ടിനരകങ്ങളായിരിക്കുമെന്നുള്ളതിനു സംശയമില്ല. വാ. 5. യഹോവ സീയോനിൽനിന്ന് നിന്നെ അനുഗ്രഹിക്കും. ഭക്തനായ മനുഷ്യൻ സീയോനോട് ബന്ധപ്പെട്ടവനായിരിക്കും. അവന്റെ ബന്ധങ്ങൾ കുടുംബത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നതായിരിക്കയില്ല. യറുശലേമിന്റെ നന്മയെ കാണും. സഭയോടുള്ള നല്ല ബന്ധം പുലർത്തുകയും അതിന്റെ നന്മയക്കായി പ്രയത്നിക്കുകയും ചെയ്യും.

തുടരും....

**Koodara Perunnal (Feast of Transfiguraton)** : The Holy Qurbana & Perunnal Service will be on 5th August, Tuesday, 6:30 pm. at ACE's Hall Near Subway Rest., Abbasiya

**Vangippu Perunnal (Feast of Assumption of St. Mary)** : The Holy Qurbana & Perunnal Service will be on 15th August, Friday, at 6:30 am. Nercha will also be served.

**Feast of St. John The Baptist** : The Holy Qurbana & Perunnal Service will be on 29th August, Friday, at 6:30 am. Nercha will also be served.

**Birthday & Wedding Anniversary** : The Vicar & parishoners extend blissful happy B'day & Wedding Anniversary wishes to all whose same marks on the month of August. (Special prayer is offered in Holy Qurbana for them.)


**Schedule of Worship** : Every Friday Holy Qurbana at ACE's Hall (Near Subway Rest., Abbasiya) at 7 : 00 am & on Second Saturday (09-08-14) at NECK South Tent at 7:00am

**Free Transportation Facility** : To & Fro free transporation facility is available to all who attend the Holy Qurbana on Fridays at ACE Hall, Abbasiya.
For Query : pls contact Mr. Abraham P.K. - 6047 3158

Private circulation only

## PRAYER MEETING SCHEDULE FOR AUGUST-2014

| | | | | | | (Time-pm) |
|---|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243** | | | | | | |
| 01-08 | Mr. Vinish Shany Cherian | New Building Chachoo's Near Passonage Bldg. | Flr. 06 | Flat 32 | 97703435 | 5:00 |
| 08-08 | Mr. Oommen K George | King Kook Resturant Building | 02 | 08 | 99581648 | 5:00 |
| 15-08 | Mr. Mathews Oommen | Behind Telecommunication 1ast Row 2nd Build | 01 | 07 | 69950722 | 5:00 |
| 22-08 | Mr. Alexkutty Kochukunju | Opp. Uniq store No. Behind Passonage Building | 02 | 11 | 24310699 | 5:00 |
| 29-08 | Mr. Jibin John | Behind United Indian school, Jasmin Comp. Buld. | 04 | 20 | 24341921 | 5:00 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242** | | | | | | |
| 01-08 | Mr. Alex P. George | Opp. Euro-Asia Travels | 05 | 19 | 97435242 | 5:00 |
| 08-08 | Mr. Titty Idiculla | Zain Mobile Shop Building | 03 | 25 | 66744708 | 5:00 |
| 15-08 | Mr. Varghese George | Opp. Euro-Asia Travels | 05 | 19 | 65794795 | 5:00 |
| **St. Dionysius Prayer (Abbasiya) Secretary : Mr. Thomas Varghese - 99274419** | | | | | | |
| 01-08 | Mr. Roy Kunjukutty | Opp. Nice Restaurant | 03 | 12 | 97604053 | 5:30 |
| 08-08 | Mr. Nibu Thomas | N/R Paradise Restaurant | 05 | 40 | 60960740 | 5:30 |
| 15-08 | Mr. Ben. P. Koshy | N/R Hidine Super Market | 04 | 13 | 94933750 | 5:30 |
| 22-08 | Mr. Arun George Scariah | Opp. Eden Stores | 01 | 02 | 99164673 | 5:30 |
| 29-08 | Mr. Binoy K J | N/R Tenage | 03 | 09 | 67077130 | 5:30 |
| **St. George Prayer (Abbasiya) Secretary : Mr. Shibu Rajan - 65634870** | | | | | | |
| 01-08 | Mr. Geevarghese Cherian | Family Housing Bldg, Opp. Hada Center | 03 | 09 | 66045301 | 5:30 |
| 08-08 | Mr. Rinu K Thomas | Maliackal New Building | 03 | 10 | 99688572 | 5:30 |
| 15-08 | Mr. Ebin Baby | Asian Bakkala, Opp. Maharaj Rest. | 08 | 36 | 51059806 | 5:30 |
| 22-08 | Mr. Santhosh Cherayil | Golden Supermarket Building | 03 | 10 | 60007549 | 5:30 |
| 29-08 | Mr. Manonj Varghese | Hizand Restaurant Building | 04 | 14 | 51325242 | 5:30 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 60626195** | | | | | | |
| 08-08 | Mr. Babukutty Mathew | Building 3, New Reggai | 05 | 15 | 60626195 | 7:30 |
| 22-08 | Mr. Raju K Ulahannan | Building 27, New Reggai | 05 | 21 | 99489601 | 7:30 |
| **St. Thomas Prayer (Farwaniya & Khaitan) Secretary : Mr. Jacob Zachariah - 99720086** | | | | | | |
| 15-08 | Mr. Laji Joseph | Bldg. 101, St. 98, Next to Carmel School, Khaitan | 06 | 60 | 99916457 | 6.30 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 66952168** | | | | | | |
| 15-08 | Mr. Roji Varughese | Near Holiday Inn, Hotel | 09 | 18 | 99045267 | 6.30 |




Vol. 1, Issue : 7 | August 2014

# Parish Bulletin Stephanian

St. Stephens Indian Orthodox Congregation
Kuwait

HAPPY INDEPENDENCE DAY

Thousands laid down their lives so that our country breath this day.. Never forget their sacrifice..

Be Proud to be an Indian....



**15 Days Lent (August 1 - 15)**

കർത്താവിൽ പ്രിയരെ,
ആഗസ്റ്റ് മാസം ഭാരതീയ ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു മാസമാണല്ലോ.

1. ആഗസ്റ്റ് 15 (Feast of Assumption of St. Mary) : ഈ മാസത്തിലേക്ക് നാം പ്രവേശിക്കുന്നത് തന്നെ മനുഷ്യകുലത്തിന്റെ രക്ഷക്ക് ആധാരമായിതീർന്ന കർത്താവിനെ പ്രസവിച്ച പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിന്റെ അനുഭവത്തിലാണ്. ആ പരിശുദ്ധ അമ്മയെ സ്മരിച്ചു കൊണ്ട് അമ്മയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് നാം അനുഷ്ഠിക്കുന്ന പതിനഞ്ച് നോമ്പാണല്ലോ ആഗസ്റ്റ് 1 മുതൽ 15 വരെയുള്ള ദിവസങ്ങൾ. ക്രിസ്തുവിനെ വഹിച്ച പരിശുദ്ധ അമ്മയുടെ ശരീരം ഭൂമിയിൽ അഴുകിച്ചേരുവാൻ ഇടയാകാതെ, ക്രിസ്തു തന്റെ ദൂതരെ അയച്ച് അമ്മയുടെ ശരീരം സ്വർഗ്ഗത്തിലേക്ക് എടുത്തു എന്നാണ് പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പിനെ പററി നാം മനസ്സിലാക്കുന്നത്. കർത്താവിന്റെ പരസ്യ ശുശ്രൂഷയിലെ ആദ്യത്തെ അത്ഭുതം നിർവേറിയത് തന്റെ അമ്മയുടെ അഭ്യർത്ഥനയിലൂടെയാണ് (കാനായിലെ കല്യണവിരുന്നിൽ). ആ ആർദ്രതയും സ്നേഹം തുളുമ്പുന്നതായ അമ്മയുടെ മദ്ധ്യസ്ഥത ഇന്നും അനേകം പേർക്ക് ക്രിസ്തുവിൽ നിന്ന് അനുഗ്രഹം പ്രാപിക്കുവാൻ മുഖാന്തരമാകുന്നു.
2. ആഗസ്റ്റ് 6 (Feast of Transfiguration, St. Mark 9:2-8) : താബോർ മലയിൽ യേശു തന്റെ ശിഷ്യരായ പത്രോസിനെയും, യാക്കോബിനെയും, യോഹന്നാനെയും കൂട്ടി പ്രാർത്ഥിപ്പാനായി പോയി. അവിടെ ക്രിസ്തുവിന്റെ മഹത്വം അവർക്ക് വെളിപ്പെട്ടു. പൂർവ്വപിതാക്കന്മാരായ മോശയും, ഏലിയാവും അവർക്ക് പ്രത്യക്ഷമായി യേശുവിനോട് സംഭാഷിക്കുന്നത് അവർ കണ്ടു. പിതാവുമായിട്ടുള്ള പ്രാർത്ഥനയുടെ നിമിഷത്തിൽ ദൈവതേജസ്സിൽ ക്രിസ്തുവിന്റെ രൂപാന്തരവും, വാങ്ങിപ്പോയ പിതാക്കന്മാരുടെ സജീവ സാന്നിധ്യവും ശിഷ്യന്മാർ ദർശിച്ച ശ്രേഷ്ഠ അനുഭവം നാം ഈ പെരുന്നാളിൽ സ്മരിക്കുന്നു.
3. ആഗസ്റ്റ് 29 (Feast of beheading of St. John The Baptist, St. John 6:16-29) : യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷക്ക് അമരക്കാരനായി തീരുകയും, ക്രിസ്തുവിന് ജോർദ്ദാൻ നദിയിൽ സ്നാനം നൽകി പരസ്യശുശ്രൂഷയ്ക്ക് ആരംഭംക്കുറിക്കുകയും ചെയ്ത, പുതിയ നിയമത്തിന്റെ അതിശ്രേഷ്ഠ പ്രവാചകനായിരുന്നു യോഹന്നാൻമാംദാന. മരുഭൂമിയിൽ സ്നാനം കഴിപ്പിച്ചും, പാപമോചനത്തിനായുള്ള മാനസാന്തരം പ്രസംഗിച്ചും, തിന്മയ്ക്കും, അനീതിയ്ക്കും എതിരെ ശക്തമായി പോരാടിയ പിതാവ് ആയിരുന്നു മാർ യോഹന്നൻ. ഹേരോദാവ് തന്റെ സഹോദരാനായ പീലിപ്പോസിന്റെ ഭാര്യ ഹേരൊദ്യയെ പരിഗ്രഹിച്ചത് വിഹിതം അല്ല എന്ന് ഹേരൊദ് രാജാവിനോട് യോഹന്നാൻ ധൈര്യസമ്മേതം പറഞ്ഞു. ഇതിൽ വിദ്വേഷംപൂണ്ട ഹേരൊദ്യ യോഹന്നാന്റെമേൽ പകവച്ച് അദ്ദേഹത്തെ കൊല്ലുവാൻ യോഹന്നാനെ പിടിച്ചു തടവിൽ ആക്കിച്ചു. എന്നാൽ യോഹന്നാൻ നീതിയും, വിശുദ്ധിയുള്ള പുരുഷനാണ് എന്ന് തിരിച്ചറിഞ്ഞ ഹേരൊദാവ് അവനെ ഭയപ്പെടുകയും, അവനെ കാത്തുകൊള്ളുകയും ചെയ്തു. എന്നാൽ ഹേരോദാവിന്റെ ജനനോത്സവത്തിൽ ഹേരോദ്യയുടെ മകൾ നൃത്തം ചെയ്ത് ഹേരോദാവിനെയും, വിരുന്നുകാരെയും പ്രസാദിപ്പിക്കുകയും, അതിന്റെ പ്രതിഫലമായി വരം ചോദിക്കുകയും, അത് യോഹന്നാൻ സ്നാപകന്റെ ശിരച്ഛേദനം വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അങ്ങനെ സത്യത്തിനുവേണ്ടി ശബ്ദം ഉയർത്തിയതിന് രക്തസാക്ഷിത്വം വരിച്ച ഒരു ശ്രേഷ്ഠ പിതാവാണ് മാർ യോഹന്നാൻ സ്നാപകൻ.
4. ആഗസ്റ്റ് 15 (Independence Day): നാനാത്വത്തിൽ ഏകത്വം കാത്തുസൂക്ഷിക്കുന്ന ഭാരതം അതിന്റെ സ്വാതന്ത്ര്യലബ്ധിയുടെ 68 വർഷങ്ങൾ പിന്നിടുമ്പോൾ, ജന്മഭൂമിയിൽ നിന്ന് നാം ഏറെ അകലെയാണെങ്കിലും, മാതൃരാജ്യത്തിന്റെ സർവ്വോൻമുഖമായ വളർച്ചയ്ക്കും, അഭിവൃദ്ധിക്കും വേണ്ടി ജഗദീശ്വരനോട് പ്രാർത്ഥിക്കുവാൻ ഭാരാതമക്കൾ എന്ന നിലയിൽ നാം കടപ്പെട്ടിരിക്കുന്നു. സ്വർഗ്ഗത്തിന്റെ കിളിവാതിൽ തുറന്ന് ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം
സജു അച്ചൻ

St. Stephens Indian Orthodox Congregation, Kuwait
Vicar : Fr.Saju Philip, Mob. - 60696128 / 24347327
Email : info@ststephensq8.org - www.ststephensq8.org

# കൂദാശകളുടെ അനുഷ്ഠാനം (....തുടർച്ച)

Fr. Dr. Johns Abraham Konattu

## വി. കുർബാന

വി. കുർബാനയെ പ്രധാനമായും മൂന്നു ഭാഗങ്ങളായി തിരിക്കാം. 1. തൂയോബൊ അഥവാ ഒരുക്കശുശ്രൂഷ 2. അനാഫോറ അഥവാ വി. കുർബാനയുടെ പരസ്യ ശുശ്രൂഷ 3. കുർബാനനന്തര ശുശ്രൂഷ എന്നിവയാണ് പ്രധാന ഭാഗങ്ങൾ. ഇവയിൽ ആദ്യത്തേതും, അവസാനത്തേതും പൂർണ്ണമായും രഹസ്യമായി നടത്തുന്ന ക്രമങ്ങളാണ്. ഏററവും പ്രധാനപ്പെട്ട രണ്ടാം ഭാഗത്തിൽ രഹസ്യപ്രാർത്ഥനകളും മറയിടുന്ന സമയങ്ങളും എല്ലാമുണ്ടെങ്കിലും അതിന്റെ ഭൂരിഭാഗവും പരസ്യമായാണ് നടത്തപ്പെടുന്നത്. മേൽപ്പറഞ്ഞ ഓരോ ഭാഗത്തെയും, പഠനത്തിന്റെ സൗകര്യത്തിനായി വീണ്ടും വിഭജിക്കുവാൻ സാധിക്കും.

## ഒരുക്കശുശ്രൂഷ

വൈദികനെപ്പോലെ ശുശ്രൂഷകനും വി. കുർബാനയ്ക്കുള്ള ഒരുക്കം തലേന്നുതന്നെ ആരംഭിക്കുന്നു. സന്ധ്യാപ്രാർത്ഥന പൂർത്തീകരിക്കുന്നതിനോടൊപ്പം തലേന്ന് കുർബാനയപ്പത്തിനായി ഗോതമ്പുമാവ് കുഴച്ചുവയ്ക്കുന്നു. പള്ളിയകം, പ്രത്യേകിച്ച് മദ്ബഹാ, വൃത്തിയാക്കേണ്ട ചുമതല ശുശ്രൂഷകന്റേതാണ്.
രാത്രിപ്രാർത്ഥനയ്ക്കു ശേഷം അപ്പം അടിച്ചുകാച്ചി തയ്യാറാക്കണം. കുഴച്ചുവയ്ക്കുന്ന സമയത്തെപ്പോലെതന്നെ പ്രാർത്ഥനനിരതനായി വേണം ഈ കർമ്മവും നിർവ്വഹിക്കുവാൻ. അപ്പം കൃത്യമായി വേവുവാൻ ശ്രദ്ധിക്കണം. പുറം വെന്താലും ചിലപ്പോൾ അകം വേവുകയില്ല. അപ്പവും വീഞ്ഞും നേരത്തേതന്നെ ത്രോണോസിൽ ക്രമീകരിച്ചു വയ്ക്കുക. മദ്ബഹായിൽ പ്രവേശിക്കുമ്പോൾ എപ്പോഴും ശുശ്രൂഷക്കുപ്പായം ധരിച്ചിരിക്കുവാൻ ശ്രദ്ധിക്കണം.

സാധാരണ ഞായാറാഴ്ച്ചകളിലും മോറാനായ പെരുന്നാളുകളിലും പള്ളിയിൽ വന്ന ശേഷമാണല്ലോ പ്രഭാതപ്രാർത്ഥന നടത്താറ്. എന്നാൽ ഇടദിവസത്തെ കുർബാനകളിൽ പള്ളിയിൽ വന്ന് പ്രഭാതപ്രാർത്ഥന നടത്തുന്നില്ലെങ്കിൽ ശുശ്രൂഷകൻ നേരത്തേതന്നെ പ്രഭാതപ്രാർത്ഥന തികയ്ക്കുവാൻ ശ്രദ്ധിക്കണം. ഈ സാഹചര്യത്തിൽ പള്ളിയിൽ വന്ന് തിരശ്ശീല നീക്കിയാൽ ഉടനെ പട്ടക്കാരൻ തൂയോബോയ്ക്ക് മുമ്പുള്ള പൊതുപ്രുമിയോൻ ചൊല്ലിക്കൊണ്ട് ഒരു പ്രാവശ്യം ധൂപാർപ്പണം നടത്തണം.
ഒരുക്കശുശ്രൂഷയ്ക്ക് രണ്ടു ക്രമങ്ങളുണ്ട്. തുയോബോയ്ക്കായി പട്ടക്കാരൻ മദ്ബഹായിൽ പ്രവേശിച്ചാൽ ഒന്നാം ക്രമത്തിൽ അപ്പവീഞ്ഞുകൾ ക്രമപ്പെടുത്തുകയാണ് ആദ്യം ചെയ്യേണ്ടത്. എന്നാൽ അതിനു മുമ്പുതന്നെ കൈകഴുകി അംശവസ്ത്രം ധരിക്കുന്ന ഒരു പാരമ്പര്യവും സഭയിൽ നിലവിലുണ്ട്. ഓരോ പട്ടക്കാരനും, ഇതിൽ ഏതു രീതിയാണ് പിന്തുടരുന്നതെന്ന് മനസ്സിലാക്കി, ആവശ്യമായ ക്രമീകരണങ്ങൾ ശുശ്രൂഷകൻ ചെയ്യുക. അപ്പവീഞ്ഞുകൾ വെള്ളം എന്നിവ പട്ടക്കാരനു എടുത്തുകൊടുക്കുക. അംശവസ്ത്രങ്ങൾ വെള്ളയങ്കി, ഹമനീക്കോ, ഇടക്കെട്ട്, കൈയുറകൾ, കാപ്പ എന്നീ ക്രമത്തിൽ എടുത്തുകൊടുക്കണം. അംശവസ്ത്രങ്ങൾ സൗകര്യാർത്ഥം ത്രോണോസിൽ വച്ചിട്ട് അവിടെനിന്ന് എടുത്തുകൊടുക്കുവാനിടയാകരുത്. വിഹിതമല്ലാത്തതൊന്നും ത്രോണോസിൽ വയ്ക്കരുത്. ജന്തുക്കളുടെ തോലുകൊണ്ടുള്ള യാതൊന്നും ത്രോണോസിൽ വയ്ക്കരുത്.
അംശവസ്ത്രധാരണം കഴിയുമ്പോഴേയ്ക്ക് കുർബാനയിൽ ഓർക്കുവാനുള്ള പേരുകൾ തായ്യാറായിരിക്കണം. രഹസ്യപ്രാർത്ഥനയ്ക്കായി പട്ടക്കാരൻ മുട്ടുകുത്തുമ്പോൾ പുസ്തകവും, ആവശ്യമുള്ള സമയങ്ങളിൽ പേരുകൾ എഴുതിയ കടലാസും, എടുത്തുകൊടുക്കണം. തൂയോബോയുടെ അവസാനത്തെ പ്രുമിയോൻ വായിച്ച ശേഷം പട്ടക്കാരൻ കുന്തുരുക്കം വാഴ്ത്തുന്നതിനാൽ ആ കുർബാനയ്ക്ക് ആവശ്യമായ കുന്തുരുക്കം മുഴുവനും അപ്പോൾ പാത്രത്തിൽ എടുക്കുന്നതാണ് ഏററവും ഉചിതം.

## പരസ്യശുശ്രൂഷ

രണ്ടാം ഭാഗമാകുന്ന പരസ്യശുശ്രൂഷ അഥവാ അനാഫോറയെ സ്നാനാർത്ഥികളുടെ ക്രമം എന്നും വിശ്വാസികളുടെ ക്രമം എന്നും രണ്ടായി തിരിക്കാം. ആദ്യക്രമത്തിൽ വേദവായനകൾ, പ്രസംഗം, ധൂപാർപ്പണത്തിന്റെ ക്രമമായ പ്രുമിയോൻ, സെദറാ, ധൂപക്കുററി വാഴ്ത്തൽ എന്നിവയാണുള്ളത്. തൂയോബോ പഴയനിയമത്തെയും, കർത്താവിന്റെ ഗർഭാവസ്ഥയെയും കാണിക്കുന്നു. അതിനു ശേഷം പുതിയനിയമത്തെ പ്രതിനിധീകരിക്കുന്ന പരസ്യഭാഗം, കർത്താവിന്റെ ജനനവും മാമോദീസായും അനുസ്മരിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്. യോഹന്നാൻസ്നാപകന്റെ പ്രതീകമായി ശുശ്രൂഷക്കാരൻ മെഴുകുതിരി കത്തിച്ചു പിടിച്ചുകൊണ്ട് പട്ടക്കാരന്റെ മുന്നിൽ നടക്കുന്നു. മറ മാററുമ്പോൾ സ്വർഗ്ഗം തുറക്കപ്പെടുന്ന പ്രതീതിയാണ് ഉളവാക്കുന്നത്. ജനനസമയത്ത് സ്വർഗ്ഗം തുറന്ന് മാലാഖാമാർ പ്രത്യക്ഷപ്പെട്ടതിന്റെയും അവർ ഹാലേലുയ്യ പാടിയതിന്റെയും പ്രതീകമായി മർവഹ്സാകൾ ഉപയോഗിക്കുന്നു. മർവഹ്സാകൾ പിടിക്കുന്നവർ ഏതാണ്ട് ഒരേ ഉയരമുള്ളവരായിരിക്കുന്നത് ഉചിതമാണ്. ശുശ്രൂഷകർ എല്ലാവരും മദ്ബഹായുടെ ഇരുവശങ്ങളിലുമായി വരിവരിയായി ചിട്ടയായും അച്ചടക്കത്തോടും നിൽക്കണം. പിന്നിൽ നിന്ന് ഏററവും ഉയരം കൂടിയ ആൾമുതൽ ഉയരം കുറഞ്ഞവൻ വരെ എന്ന ക്രമത്തിൽ നിൽക്കുന്നത് ഉചിതമായിരിക്കും.
കുർബാന അർപ്പിക്കുന്ന പട്ടക്കാരനെ ത്രോണോസുമായി ബന്ധിക്കുന്ന ഒരു സാങ്കൽപ്പിക ചങ്ങലയുണ്ടെന്നും, ആ ചങ്ങല മുറിച്ചുകളയാതിരിക്കുവാൻ മദ്ബഹായിലുള്ളവർ ശ്രദ്ധിക്കണമെന്നും പിതാക്കന്മാർ പഠിപ്പിച്ചിട്ടുണ്ട്. അതായത് പട്ടക്കാരനും, ത്രോണോസിനും ഇടയിലൂടെ ആരും മുറിച്ചുകടക്കരുതെന്ന് സാരം.
പട്ടക്കാരൻ ത്രോണോസ് ചുററി ധൂപം വീശിയ ശേഷം പടിഞ്ഞാറോട്ട് വീശുന്ന സമയത്ത് മെഴുകുതിരി പിടിക്കുന്ന ശുശ്രൂഷകൻ ത്രോണോസിങ്കൽതന്നെ നിന്നാൽ മതിയാകും. എന്നാൽ മർവഹ്സാകൾ പിടിക്കുന്നവർ പട്ടക്കാരനോടൊപ്പം പടിഞ്ഞാറോട്ട് വരുന്നതാണ് നല്ലത്. പട്ടക്കാരൻ ധൂപാർപ്പണം നടത്തിക്കഴിയുമ്പോൾ ശുശ്രൂഷകൻ ധൂപക്കുററി വാങ്ങി പട്ടക്കാരനു പിന്നിൽ വടക്കുവശം ചേർന്ന് നിൽക്കണം.

തുടരും....

# ക്ഷണഭംഗുരമായ വിവാഹബന്ധങ്ങൾ (....തുടർച്ച)

ഫാ. പി. എ. ഫിലിപ്പ്

## 2. കുടുംബ വ്യവസ്ഥിതിയിൽ ഉണ്ടായ മാറ്റങ്ങൾ

കുടുംബമെന്ന സങ്കൽപ്പത്തിനുതന്നെ വൻകിടമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഒരു കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ കൊണ്ടും കൊടുത്തും, ഇണങ്ങിയും – പിണങ്ങിയും, തല്ലിയും തലോടിയുമൊക്കെ വളർന്നുവന്ന തലമുറയുടെ അനുഭവസമ്പന്നമായ ജീവിതക്രമം ഇന്നില്ല. ഫ്ളാറ്റുകളുടെ നാലു ചുവരുകൾക്കുള്ളിൽ എന്നും കാണുന്ന കാഴ്ചകൾ വീണ്ടും വീണ്ടും ഒരു തരം വൈരസ്യം ബാധിച്ച തലമുറയാണിത്. വലിയവീടും ചെറിയ കുടുംബവും എന്ന ഒരു പുത്തൻ സംസ്ക്കാരമാണത്. മിക്ക കുടുംബങ്ങളിലും പരമാവധി രണ്ടു കുട്ടികൾ മാത്രം. ഭൗതികമായി ലഭ്യമാകാവുന്ന സർവ്വസൗകര്യങ്ങളും മാതാപിതാക്കൾ കുട്ടികൾക്കു നൽകുന്നു. ബാങ്കുകളിൽ നിന്ന് ഭീമമായ വായ്പകൾ എടുത്തു പോലും കുട്ടികളെ പഠിപ്പിക്കുന്നു. എന്നും 'വാങ്ങാൻ' മാത്രം പഠിക്കുന്ന കുട്ടിക്ക് സ്വാശ്രയശീലമോ പരോപകാര സന്നദ്ധതയോ ഭിന്നസാഹചര്യങ്ങളോട് ഇണങ്ങി ജീവിക്കുവാനുള്ള നൈപുണ്യമോ ഒന്നും ലഭിക്കുന്നില്ല. ഈ വിധം വളരുന്ന കുട്ടികൾ വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുമ്പോഴും സ്നേഹം കൊടുക്കുവാനോ, ത്യാഗം സഹിക്കുവാനോ വിഭിന്ന വ്യക്തിത്വമുള്ള ഒരാളുമായി സഹകരിച്ചു ജീവിക്കുവനോ ഒന്നും പ്രാപ്തരല്ല. വളരെ നിസാരമെന്നു തോന്നുന്ന കാര്യങ്ങൾക്കുപോലും അഭിപ്രായ സമന്വയത്തിലെത്തുവാൻ അവർക്കു കഴിയുന്നില്ല. ഇത് നിരന്തരമായ അലോസരത്തിനും, ഘർഷണത്തിനും വഴക്കുകൾക്കും കാരണമാവുന്നു. ഒട്ടും സൗഹൃദപരമല്ലാത്ത സാഹചര്യങ്ങളിൽ പോലും കഴിഞ്ഞ തലമുറയിലുള്ളവർ മുന്നേറിയത് അവർ വളർന്നുവരുന്ന കുടുംബപശ്ചാത്തലത്തിൽ ഇത്തരം പൊരുത്തപ്പെടലുകൾ ആവശ്യവും അനിവാര്യതയും ആയിരുന്നതുകൊണ്ടാണ്.

## 3. സാമ്പത്തിക സ്വാതന്ത്ര്യം

'ഹാവെൽസ്' കമ്പനിയുടേതായി അടുത്തയിടെ വന്ന പരസ്യം നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. വീട്ടിൽ തണുത്ത കാപ്പി കുടിക്കേണ്ടി വരുന്ന ഭർത്താവ് വീട്ടുകാരുടെയെല്ലാം മുമ്പിൽ വച്ച് ഇക്കാര്യം പറയുമ്പോൾ അയാളുടെ നവവധു ഒരു കോഫി വെൻഡിംഗ് മെഷീൻ എടുത്ത് മുമ്പിൽ വച്ചിട്ട്. പറയുന്നു ''24 മണിക്കൂറും ചൂടുകാപ്പി കുടിച്ചോളൂ. I am not a kitchen appliance" എന്നു വച്ചാൽ ഭർത്താവിന് ഇനി ചൂടുകാപ്പി ഉണ്ടാക്കി കൊടുക്കാൻ ഭാര്യ ഉണ്ടാവില്ല എന്ന് അർത്ഥം

പരമ്പരാഗതമായ നമ്മുടെ സാമൂഹ്യക്രമത്തിൽ പുരുഷൻമാർ കൃഷി, കച്ചവടം, ഉദ്യോഗം തുടങ്ങിയ കാര്യാദികൾ കുടുംബത്തിനുവേണ്ടി നോക്കുകയും സ്ത്രീകൾ കുടുംബത്തിന്റെ ആഭ്യന്തരകാര്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുക എന്ന രീതിയാണ് ഉണ്ടായിരുന്നത്. എന്നാൽ മാറിയ സാമൂഹ്യക്രമത്തിൽ സ്ത്രീ പുരുഷന്മാർക്ക് അവസരസമത്വം ഒരേ രീതിയിൽ ലഭിച്ചതോടെ സ്ത്രീകളും അഭ്യസ്തവിദ്യരും ഉദ്യോഗസ്ഥകളും ആയി മാറി. സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം ലഭ്യമായതോടുകൂടി 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' അവരും വന്നു തുടങ്ങി. ഭർത്താവിന്റെ ഇഷ്ടത്തിനും ഇച്ഛയ്ക്കും വഴങ്ങി ജീവിച്ച ഭാര്യ ഒരു ഗതകാലത്തിന്റെ സ്മരണ മാത്രമാണ്. ഭാര്യയും ഭർത്താവും ഉദ്യോഗസ്ഥരാകുമ്പോൾ ഭാര്യമാത്രം വീട്ടു ജോലിയും കുട്ടികളുടെ പരിപാലനവുമൊക്കെ നടത്തുക എന്നത് തീർത്തും ആയാസകരമായ, അസുഖകരമായ സാഹചര്യമാണ്. മറിച്ച് സ്ത്രീയ്ക്ക് സാമ്പത്തിക സ്വാതന്ത്ര്യം കൈവന്നതോടുകൂടി പുരുഷനെ ഗണ്യമാക്കാതെ – തീർത്തും 'സർവ്വതന്ത്രസ്വതന്ത്ര'കളായി ജീവിക്കുന്ന സ്ത്രീകളുടെ എണ്ണവും കൂടിവരുന്നു. ദാമ്പത്യബന്ധത്തിന്റെ ശിഥിലീകരണത്തിന് ഇതും ഒരു കാരണമാണ്.

## 4. മാദ്ധ്യമങ്ങളുടെ സ്വാധീനം.

രാത്രിയാമങ്ങൾ പ്രാർത്ഥനയും കണ്ണീരുമായി ദൈവസന്നിധിയിൽ ചെലവഴിച്ച ദമ്പതികൾ ഒരു ഗതകാലസ്മരണയാണ്. രാത്രി വളരെ വൈകിയും ഫെയ്സ്ബുക്കിലും വാട്സ്അപ്പിലും എല്ലാം മറന്ന് മുഴുകിയിരിക്കുന്ന ഭാര്യമാരും, ഭർത്താക്കൻമാരും ആധുനിക ലോകത്തിന്റെ ചിത്രമാണ്. ഭാര്യാ ഭർത്താക്കൻമാർ തമ്മിലുള്ള സ്വകാര്യസംഭാഷണങ്ങളും, ആശയസംവേദനവും ദാമ്പത്യബന്ധത്തിന്റെ പുഷ്ടീകരണത്തിന് അനുപേക്ഷണീയമാണ്. രണ്ടുപേരും ജോലിക്കാരാകുമ്പോൾ ഇത്തരം ആശയസംവേദനത്തിനുള്ള സമയം നന്നേ കുറയുന്നു. വീട്ടിലെത്തിക്കഴിഞ്ഞാലും ടിവി, കമ്പ്യൂട്ടർ, ഐപാഡ്, മൊബൈൽ മുതലായ ആധുനിക മാധ്യമങ്ങൾ ദമ്പതിമാരുടെ സമയം കവരുന്നു. ഭർത്താവിനോടൊപ്പം ഒരു കിടക്കയിൽ കിടക്കുന്ന ഭാര്യ ഭർത്താവുറങ്ങിയെന്ന് ഉറപ്പുവരുത്തിയശേഷം കാമുകന് മൊബൈൽ സന്ദേശങ്ങൾ അയച്ചതിനു പിന്നാലെ ഞെട്ടിപ്പിക്കുന്ന കൊലപാതകം വരെ എത്തിയ സംഭവം അടുത്തയിടെ നടന്നതാണ്. പാവനമായ വിവാഹബന്ധത്തെ ശിഥിലമാക്കുന്ന രീതിയിൽ മാദ്ധ്യമങ്ങൾ ഉപയോഗിക്കുന്നത് ദാമ്പത്യജീവിതത്തിൽ ആശാസ്യമല്ല. ഇതു കൂടാതെ മാധ്യമങ്ങൾ ഉയർത്തിക്കാട്ടുന്ന പല ശൈലികളും ശീലങ്ങളും ദാമ്പത്യബന്ധത്തെ ശിഥിലീകരിക്കുന്നവയുമാണ്. മാദ്ധ്യമങ്ങൾ വരച്ചുകാട്ടുന്ന പല ബിംബങ്ങളും കഥാപാത്രങ്ങളും യാഥാർത്ഥ്യവുമായി പുലബന്ധം പോലും ഇല്ലാത്തതാവാനും സാദ്ധ്യതയുണ്ട്. പല സീരിയലുകളിലും സിനിമകളിലും കാട്ടികൂട്ടുന്ന ആഭാസകരമായ രംഗങ്ങളും അശ്ലീലസംഭാഷണങ്ങളും കുടുംബത്തിന്റെ ധാർമ്മിക അടിത്തറ തന്നെ തകർക്കുന്നതാണ്. ആൺ – പെൺ ബന്ധങ്ങൾ സംബന്ധിച്ച മാധ്യമങ്ങൾ സൃഷ്ടിക്കുന്ന പല ബിംബങ്ങളും ക്രിസ്തീയ കുടുംബജീവിതത്തിന് അനുഗുണമല്ല. 'ജീവിതം ആസ്വദിക്കാനുള്ളതാണ്' എന്ന രീതിയിലുള്ള തത്വശാസ്ത്രം മാദ്ധ്യമങ്ങൾ അവരുടെ കച്ചവടതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി – ഉയർത്തിക്കാട്ടുമ്പോൾ 'അടിപൊളി'യായി ജീവിക്കാനുള്ള തത്രപാടിൽ കടക്കെണിയിൽ അകപ്പെടുന്നവരുടെ സംഖ്യയും കുറവല്ല.

തുടരും....

# ALCOHOLISM

Fr. P.A. Philip

## മദ്യപാനത്തിന്റെ വിവിധഘട്ടങ്ങൾ

ആരും ഒരു സുപ്രഭാതത്തിൽ മദ്യപാനിയായിത്തീരുന്നില്ല. വലിയ മദ്യപാനികൾ എല്ലാം പല ഘട്ടങ്ങളിലൂടെ കടന്നാണ് പരിതാപകരമായ ഈ അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നത്.
വിവിധ ഘട്ടങ്ങൾ താഴെപ്പറയുന്നു.

### 1. പ്രഥമഘട്ടം (The Pre-alcoholic symptomatic Phase)

മദ്യത്തോടുള്ള പ്രത്യേക താല്പര്യംകൊണ്ടല്ല മിക്കവരും കുടി തുടങ്ങുന്നത്. സാധാരണയായി സാമൂഹ്യചടങ്ങുകളിൽവച്ചാണ് ഒരുവൻ മദ്യവുമായി അടുക്കുന്നത്. വിവാഹം, പിറന്നാൾ, ജന്മദിനം,ഉത്സവം, പെരുന്നാളുകൾ തുടങ്ങിയ അവസരങ്ങളിൽ മദ്യം ഇന്നൊരു ആവശ്യഘടകമായിത്തീർന്നിട്ടുണ്ട്. സുഹൃത്തുകളുടെ നിർബന്ധം മൂലം ഒരു കമ്പനി സേക്കിനു വേണ്ടിയാണ് ആദ്യം ഗണപതിക്കു കുറിക്കുന്നത്. ഒരിക്കൽ ഉപ്പുനോക്കുന്നവർ വീണ്ടും നോക്കാൻ തുടങ്ങും. ലഘുവായി ആരംഭിച്ച് മദ്യപാനം ഒരു പതിവാകുന്നു.

### 2. ദ്വിതീയഘട്ടം (The Pre-dormal Phase)

കഴിക്കുന്ന മദ്യത്തിന്റെ അളവ് കൂടിവരുന്നു. എങ്കിലും മററുള്ളവരുടെ മുമ്പിൽ മദ്യപാനി എന്ന പേരുദോഷം ആഗ്രഹിക്കുന്നില്ല. മദ്യം അമിതമായി ഉപയോഗിച്ചാലും അത് വെളിപ്പെടുത്താതിരിക്കാൻ ദീർഘസംഭാഷണങ്ങളിലോ, ബുദ്ധിമുട്ടേറിയ ജോലികളിലോ ഏർപ്പെടും. എന്നാൽ ഇന്നു ചെയ്യുന്ന ജോലിയെപ്പററി അവൻ നാളെ ബോധവാന്മാരായിരിക്കുകയില്ല. മാനസികമായോ ശാരീരികമായോ ക്ലേശിച്ചിരിക്കുന്ന സമയത്താണ് മദ്യപാനത്തിന്റെ രണ്ടാം ഘട്ടത്തിലേക്ക് ഒരുവൻ വീഴുന്നത്. ഈ രണ്ടുഘട്ടങ്ങളിലും ഒരാൾ അമിത മദ്യപാനത്തിന്റെ അവസ്ഥയിലേക്ക് എത്തുന്നില്ല.

### 3. തൃതീയഘട്ടം (Crucial Phase)

മദ്യത്തോടുള്ള ആസക്തി അനിയന്ത്രിയതമായി വർദ്ധിക്കുന്നു. ഏതു മദ്യമായാലും, എവിടെ വച്ചായാലും കൈയ്യിൽകിട്ടിയാൽ ഉന്മത്തനാകുന്നതുവരെ കുടിക്കും. വിശന്നിരിക്കുന്ന നായ് ഭക്ഷണം കാണുമ്പോൾ കാണിക്കുന്ന പരാക്രമമാണ് ഇവർ മദ്യത്തിന്റെ സാന്നിദ്ധ്യത്തിൽ കാണിക്കുന്നത്. മദ്യത്തിന്റെ സാന്നിദ്ധ്യത്തിലോ, കുടി ആരംഭിക്കുമ്പോഴോ ആണ് ഇവരുടെ സർവ്വനിയന്ത്രണവും വിട്ടുപോകുന്നത്.

### 4. നാലാം ഘട്ടം (Chronic Phase)

മദ്യത്തിനു പൂർണ്ണമായും അടിമയായിത്തീരുന്ന അവസ്ഥയാണിത്. യാതൊരുവിധമായ നിയന്ത്രണശേഷിയും ഈ ഘട്ടത്തിൽ ഉണ്ടായിരിക്കയില്ല. ബോധം കെടുന്നതു വരെ മദ്യസേവ നടത്തും. മനോരോഗങ്ങൾ മൂർദ്ധന്യാവസ്ഥയിൽ എത്തുന്നത് ഈ ഘട്ടത്തിലാണ്. ശരീരവും മനസ്സും ചിന്താശ്ക്തിയും എല്ലാം ഈ ഘട്ടത്തിൽ ബലഹീനമായിരിക്കും. മദ്യപാനത്തിന്റെ ഫലമായി ശാരീരിക പ്രശ്നങ്ങൾ മാത്രമേ ഉണ്ടാകുന്നുള്ളു എന്നുള്ള ഒരു ധാരണ നമുക്കുണ്ട്. അമിത മദ്യപാനം മാനസിക രോഗങ്ങൾക്കുപോലും വഴി തെളിക്കും. മൂർദ്ധന്യാവസ്ഥയിൽ ഉണ്ടാകാവുന്ന ചില മാനസിക രോഗങ്ങൾ ചുവടെ ചേർക്കുന്നു.

### 1. ഡെലിറിയം ട്രെമൻസ് (Delirium Tremens)

ഭയാശങ്ക, മതിവിഭ്രമം എന്നിവ ഇതിന്റെ ലക്ഷണങ്ങളാണ്. പാമ്പ്, എലി, വിഷജീവികൾ തുടങ്ങിയ ഇഴജന്തുക്കളെ ഇക്കുട്ടർ മനസ്സിൽ കാണുന്നു. ശരീരത്തിൽ വിറയലനുഭവപ്പെടുകയും, രോഗികൾ മാനസികമായി അസ്വസ്ഥരായിത്തീരുകയും ചെയ്യുന്നു. ഈ രോഗത്തിനടിമപ്പെടുന്നവർക്ക് സ്ഥലകാലസംഭവങ്ങളെപ്പററി ഒരു ഓർമ്മയും ഉണ്ടാവുകയില്ല.

### 2. കോർസക്കോഫ്സ് സൈക്കോസിസ് (Korasakkoff's Psychosis)

മദ്യപാനികളായ മനോരോഗികളിൽ പത്തു ശതമാനവും ഇതിൽപ്പെടുന്നവരാണ്. ഭൂതകാല സംഭവങ്ങൾ ഇവർ ഉറക്കത്തിൽ വിളിച്ചു പറയും. ചോദിക്കുന്ന ചോദ്യങ്ങൾക്കല്ല ഇവർ ഉത്തരം നൽക്കുന്നത്. ഈ രോഗത്തിനു ശമനമുണ്ടാകണമെങ്കിൽ ഇവർ ലഹരി സാധനങ്ങൾ പാടെ വർജ്ജിക്കണം. അതോടൊപ്പം ക്രമമായ ഭക്ഷണവും വിശ്രമവും രോഗികൾക്കു ലഭിക്കുകയും വേണം.

### 3. അക്യൂട്ട് അൽക്കഹോളിക് ഹാലുസിനോസിസ് (Acute Alcoholic Hallucinosis )

മദ്യം ശരീരത്തിൽ കൂടുതലാകുമ്പോൾ, ഒരുവനിൽ ഉണ്ടാകുന്ന ശക്തമായ മതിവിഭ്രമത്തെയാണ് അക്യൂട്ട് ആൽക്കഹോളിക് ഹാലുസിനോസ് എന്നു പറയുന്നത്. മദ്യപാനരോഗികളിൽ 25% ഈ രോഗം മൂലം കഷ്ടപ്പെടുന്നവരാണ്. സാധാരണയായി മനോരോഗികളിൽ കണ്ടുവരുന്ന ഭയം, ഉറക്കമില്ലായ്മ, ആശങ്ക ഇവയ്ക്കെലാം പുറമേ പലതരത്തിലുള്ള മതിവിഭ്രമവും ഇവരെ പിടികൂടുന്നു. ചിലപ്പോൾ പോലീസുകാർ തങ്ങളെ പിടിക്കുവാൻ വരുന്നതായി ഇവർ കാണുകയും, അവരുടെ കാലൊച്ച കേൾക്കുകയും ചെയ്യും. ഭയത്തിന്റെ തോത് വർദ്ധിക്കുമ്പോൾ ആത്മഹത്യക്കുവരെ ഇക്കൂട്ടർ ശ്രമിച്ചു എന്നു വരാം. രോഗ വിമുക്തിക്ക് പരിപൂർണ്ണ മദ്യവർജ്ജ്ജനം ആവശ്യമാണ്.

### 4. മാനസികമായ അധഃപതനം (Alcoholic Deterioration)

മദ്യപാനികളിൽ ഇത് സർവ്വസാധാരണമാണ്. ദീർഘനാൾ മദ്യം ഉപയോഗിക്കുമ്പോൾ വ്യക്തിത്വം പടിപടിയായി നശിച്ചുകൊണ്ടിരിക്കും. മുഖം ക്രൂരമാവുകയും, കാന്തി മങ്ങുകയും ചെയ്യുന്നു. ഓർമ്മപ്പിശക്, ക്രൂരത, സംശയം, കുടുംബവെറുപ്പ്, സമൂഹത്തോടുള്ള വെറുപ്പ് തുടങ്ങി നിരവധി മാനസിക പ്രശ്നങ്ങൾ സന്തതസഹചാരികൾ ആയിത്തീരുകയും ചെയ്യുന്നു.

തുടരും....